**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3442** **26-10-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ മടവീഴ്ച പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ മടവീഴ്ചകൾ കാരണം കർഷകർക്കുണ്ടാകുന്ന വലിയ നഷ്ടം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. സെപ്റ്റംബർ 2020 മുതൽ ജൂൺ 2021 കാലഘട്ടം വരെ കുട്ടനാട്ടിലെ 47 പാടശേഖരങ്ങളിൽ മടവീഴ്ചയുണ്ടാകുകയും ആയതിനുള്ള നഷ്ടപരിഹാരമായി 88,86,067/- (എൺപ്പത്തിയെട്ട് ലക്ഷത്തി എൺപത്തി ആറായിരത്തി അറുപത്തിയേഴ് രൂപ) അനുവദിക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കുകയും ആയതിൽ 25 പാടശേഖരങ്ങൾക്ക് 46,32,221/- രൂപ 15/09/2021-ന് ജില്ലാ കളക്ടർ അനുവദിക്കുകയും തുക കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളതുമാണ്. ഒക്ടോബർ 2021-ൽ ഉണ്ടായ ശക്തമായ മഴയിലും വെള്ളപ്പൊക്കത്തിൽപ്പെട്ട് ആലപ്പുഴ ജില്ലയിൽ കൃഷിക്കായി മുന്നൊരുക്കം നടന്നിട്ടുള്ള പാടശേഖരങ്ങളിലായി 19/10/2021 വരെ 14 മടകൾ വീണുപോയിട്ടുണ്ട്. ഇതിന്റെ പുനർ നിർമ്മാണത്തിനായി 7.8 ലക്ഷം രൂപ ആവശ്യമായിട്ടുണ്ട്. കോട്ടയം ജില്ലയിൽ ഉൾപ്പെട്ട അപ്പർ കുട്ടനാടൻ മേഖലയിൽ മടവീഴ്ച മൂലം മുണ്ടകൻ കൃഷിയുടെ നിലമൊരുക്കൽ തടസ്സപ്പെട്ടുകയും കൃഷിയിറക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിന് കാരണമാകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചില പാടശേഖരങ്ങളിൽ മടവീഴ്ച മൂലം വിരിപ്പ് കൃഷിയിൽ വെള്ളം കയറിയിട്ടുമുണ്ട്. |
| (ബി) | മടവീഴ്ച മൂലം പാകമായ നെല്ല് നഷ്ടപ്പെടുന്ന കർഷകർക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിൽ വലിയ കാലതാമസം ഉണ്ടാകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | മടവീഴ്ച മൂലം പാകമായ നെല്ല് നഷ്ടപ്പെടുന്ന കർഷകർക്ക് യഥാസമയം നഷ്ടപരിഹാരം നൽകുന്നതിൽ കാലതാമസം വരുത്താതിരി ക്കാൻ ശ്രദ്ധിച്ചുവരുന്നു. പ്രകൃതിക്ഷോഭം മൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുകയും പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 13500 രൂപ നിരക്കില്ലുള്ള ധനസഹായവും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള |

| | | | |
|---|---|---|---|
| | | | വിളയ്ക്ക് ഹെക്ടറിന് 15000 രൂപയും 45 ദിവസത്തിനു ശേഷമുള്ള വിളയ്ക്ക് ഹെക്ടറിന് 35000 രൂപയും ധനസഹായമായി അനുവദിക്കുന്നു. |

സെക്ഷൻ ഓഫീസർ